# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2557** **21/06/2012 -ൽ മറുപടിക്ക്**

## <u>സ്കൂൾ കുട്ടികൾക്ക് പാൽ നൽകുന്ന പദ്ധതി</u>

| ചോദ്യം<br>ശ്രീ. എൻ.എ. നെല്ലിക്കുന്ന് | ഉത്തരം<br>ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
|---|---|
| (എ) സ്കൂൾ കുട്ടികൾക്ക് ആഴ്ചയിൽ എത്ര ഗ്ലാസ്സ് പാൽ എത്ര പ്രാവശ്യം നൽകുന്നുണ്ട്; | (എ) കഴിഞ്ഞ അദ്ധ്യയന വർഷം 8-ാം ക്ലാസ് തലം വരെയുള്ള കുട്ടികൾക്ക് 150 മില്ലി ലിറ്റർ പാൽ വീതം ആഴ്ചയിൽ രണ്ടു ദിവസം നല്കിയിരുന്നു. |
| (ബി) പാലിനു പുറമെ മറ്റു പോഷകാ ഹാരങ്ങൾ നൽകുന്നുണ്ടോ; | (ബി) ആഴ്ചയിൽ ഒരു മുട്ട വീതം നല്കുന്നുണ്ട്. |
| (സി) ഇതിന് ആവശ്യമായി വരുന്ന വാർഷിക ചെലവ് എത്രയാണ് ; | (സി) പാൽ വിതരണത്തിന് 50 കോടി രൂപയും മുട്ട വിതരണത്തിന് 40 കോടി രൂപയും. |
| (ഡി) ഈ അദ്ധ്യയന വർഷം കുട്ടികൾക്ക് പാൽവിതരണം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ ; | (ഡി) ഇല്ല. ഈ അദ്ധ്യയന വർഷം പാൽ അടക്കം കൂടുതൽ പോഷക സമൃദ്ധമായ ഭക്ഷണം നൽകാൻ ആവശ്യമായ തുക സ്കൂളധികാരി കളെ നേരിട്ട് ഏല്പിച്ച് പദ്ധതി മെച്ചപ്പെടു ത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഇ) സ്കൂൾ കുട്ടികൾക്ക് നൽകാനായി പാൽ വാങ്ങിയ ഇനത്തിൽ മിൽമയ്ക്ക് കുടിശ്ശിക ബാക്കി യുണ്ടോ; ഏത് വർഷത്തെ എത്ര തുകയാണ് കൊടുക്കാൻ ബാക്കി യുള്ളതെന്ന് വെളിപ്പെടുത്തുമോ ? | (ഇ) ഉണ്ട്. 2011-12 അദ്ധ്യയന വർഷത്തിൽ 15 കോടി രൂപയാണ് പാൽ വാങ്ങിയ ഇനത്തിൽ മിൽമയ്ക്ക് കുടിശ്ശിക ഉള്ളത്. |

സെക്ഷൻ ഓഫീസർ